**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് – മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം – മുട്ടത്തറ ഫ്ലാറ്റ് സമുച്ചയം – ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള –മാർഗ്ഗ നിർദ്ദേശങ്ങൾ –ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**സ.ഉ.(സാധാ) നം.579/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 17/07/2018

---

പരാമർശം:- 1 03.05.2018- ലെ സ . ഉ ( സാധാ ) നം . 364/2018/ മതുവ ഉത്തരവ് .

2 ഫിഷറീസ് ഡയറക്ടറുടെ 8 .06. 2018–ലെ എൻ1/19022/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിക്കുന്ന ഫ്ലാറ്റുകളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു .പ്രസ്തുത ഉത്തരവിലെ ക്രമ നം-2-ൽ ഈ പ്രദേശത്ത് നിന്നും കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരും കൈവശാവകാശ രേഖയുള്ളവരുമായ നിലവിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ആയതിനാൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിക്കുന്ന ഫ്ലാറ്റുകളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ 09.05.2018-ന് നടത്തിയ യോഗത്തിലെ താഴെ പറയുന്ന തീരുമാനവും കൂടി ഉൾപ്പെടുത്തണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം 2പ്രകാരം അഭ്യർത്ഥിച്ചു .

"ഈ പ്രദേശത്ത് നിന്നും കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരായ നിലവിലെ ലിസ്റ്റിൽ ഉൾപ്പെട്ടവർ, ഇപ്രകാരം കാലാകാലങ്ങളായി വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ രേഖകൾ ലഭ്യമല്ലെങ്കിൽ കൈവശാവകാശ രേഖയോ/കൈവശാവകാശ സർട്ടിഫിക്കറ്റോ മറ്റ് രേഖകളോ ഇല്ലെങ്കിലും പരിഗണിക്കാവുന്നതാണ്".

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിക്കുന്ന ഫ്ലാറ്റുകളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പരാമർശം 1 ലെ ഉത്തരവിൽ പറയുന്ന മാനദണ്ഡങ്ങളിലെ ക്രമ നമ്പർ (2)-ൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് ഉത്തരവാകുന്നു.

" ഈ പ്രദേശത്ത് നിന്നും കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് കാലാകാലങ്ങളായി വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന, പുനരധിവാസത്തിന് അർഹതയുള്ളതായി കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്തിയ, മത്സ്യത്തൊഴിലാളികൾക്ക് കൈവശാവകാശ രേഖയോ /സർട്ടിഫിക്കറ്റോ മറ്റ് രേഖകളോ ഇല്ലെങ്കിലും അവരെ ഗുണഭോക്താക്കളായി പരിഗണിക്കാവുന്നതാണ് ".

പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

03.05.2018-ലെ സ. ഉ (സാധാ) നം. 364/2018/ മതുവ ഉത്തരവിന്റെ തീർപ്പുഫയലിലേക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ